## 34

*സങ്കീർത്തനം 150    രീതി : വസന്തകാലമെ മറഞ്ഞു*

ദൈവമാം യഹോവയെ സ്തുതിക്ക തന്റെ മന്ദിരേ-ഓ
വാനഗോള സംവിധാനമേനി കു വാഴ്ത്തുക

1 ധന്യമായ തന്റെ വേല മന്നിൽ രക്ഷ തന്നു ഹാ!
ഉന്നതന്റെ വൻ കൃപയ്ക്കു മുന്നിൽ നമ്മൾ വാഴ്ത്തണം
വൻമഹിമയുള്ള തന്റെ നാമമെത്ര വന്ദ്യമേ-

2 കാഹളങ്ങളുച്ചനാദ ഭംഗിയിൽ മുഴങ്ങണം
വീണമീട്ടിപ്പാടൂ നമ്മൾ മോദഗീതമങ്ങനെ
കിന്നരത്തിനുള്ള കമ്പിയീണമേകി നിൽക്കണം.

3 തപ്പുവാദ്യമൊപ്പമുള്ള ചിട്ടകൾ ചമയ്ക്കണം
തന്ത്രി നാദമെന്നു വേ വേണുനാദമോടെയും
നൃത്തഗാനമോടു നമ്മൾ സ്തോത്രമേകി വാഴ്ത്തണം.

4 കരങ്ങൾ കൊട്ടിയുച്ചനാദ ഭംഗിയിൽ പുകഴ്ത്തണം
വല്ലഭന്റെ നല്ല നാമമെന്നുമെന്നുമുന്നതം
ജീവനുള്ളതൊക്കെയും യഹോവയെ വണങ്ങണം-    **K.J.G.**